**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** **04-02-2026 - ൽ മറുപടിയ്ക്ക്**

**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെൽകൃഷി രോഗബാധയും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പാടശേഖരങ്ങളിലെ നെൽകൃഷിക്ക് വ്യാപകമായി രോഗബാധ ഉണ്ടായി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിനാശത്തിന് കാരണമായ ഘടകങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽകൃഷിക്ക് പോള രോഗം (sheath blight), കുല വാട്ടം (neck blast), പോള കരിച്ചിൽ എന്നീ കുമിൾ രോഗങ്ങൾ ആണ് ബാധിച്ചത്. കതിർ വന്ന സമയങ്ങളിൽ കുമിളിന്റെ വളർച്ചക്ക് അനുകൂലമായ കാലാവസ്ഥ ഉണ്ടായതിനാലാണ് ഈ രോഗം വളരെ പെട്ടെന്ന് വ്യാപിക്കുവാൻ ഇടയായത്. |
| (ബി) | പ്രസ്തുത രോഗബാധ മൂലം ഏകദേശം എത്ര ഏക്കർ പാടശേഖരത്തിലെ കൃഷി നശിച്ചുപോയിട്ടുണ്ട്; എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്; നഷ്ടം കണക്കാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി തിട്ടപ്പെടുത്തി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആറ് പാടശേഖരങ്ങളിലുള്ള 19 കർഷകരുടെ 42 ഏക്കറിലാണ് കുലവാട്ടം, പോള കരിച്ചിൽ എന്നീ കുമിൾ രോഗങ്ങൾ ബാധിച്ചത്. ആകെ രോഗം ബാധിച്ച 42 ഏക്കറിൽ, 2 പാടശേഖരങ്ങളിലുള്ള 6 കർഷകരുടെ 12 ഏക്കർ സ്ഥലത്തുള്ള നെൽകൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. 4 പാടശേഖരങ്ങളിലുള്ള 13 കർഷകരുടെ 30 ഏക്കർ സ്ഥലത്തുള്ള നെൽകൃഷി ഭാഗികമായി നശിച്ചിട്ടുണ്ട്. നാശനഷ്ടം കണക്കാക്കി കർഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കർഷകർക്കെല്ലാം വിള ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; എങ്കിൽ ഇൻഷ്വറൻസ് തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 19കർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ രോഗം ബാധിച്ച വിസ്തൃതിയിലേക്കുള്ള FIR എയിംസ് പോർട്ടലിൽ അംഗീകരിച്ച് നല്കിയിട്ടുള്ളതും, കർഷകർ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് 50 ശതമാനത്തിലധികം നഷ്ടം സംഭവിച്ചിട്ടുള്ളവർക്ക് അർഹമായ സാമ്പത്തിക സഹായം ഉറപ്പ് വരുത്തുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 11 കർഷകർക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ കൃഷി നാശത്തിന് നൽകുവാൻ സാധിക്കുന്ന പരിരക്ഷയും സാമ്പത്തിക സഹായവും നൽകുന്നതാണ് . |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രദേശത്ത് രോഗവ്യാപനം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭാവിയിൽ സമാനമായ രോഗബാധ തടയുന്നതിന് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) പാടശേഖരങ്ങളിൽ ഭൗതിക പരിശോധന നടത്തുകയും നെല്ലിന് പോളരോഗം (sheath blight), കുലവാട്ടം (neck blast ) എന്നീ കുമിൾ രോഗങ്ങൾ ബാധിച്ചതായി സ്ഥിരീകരിക്കുകയും, രോഗബാധ നിയന്ത്രിക്കുന്നതിനായി ടെബുകോണസോൾ, ട്രൈഫ്ലോക്സിസ്ട്രോബിൻ എന്നീ കുമിൾ നാശിനികൾ അടങ്ങിയിട്ടുള്ള നാറ്റീവോ എന്ന മരുന്ന് 10 ലിറ്റർ വെള്ളത്തിന് 4 ഗ്രാം എന്ന തോതിൽ തളിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ സമാനമായ രോഗബാധ തടയുന്നതിന് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി രോഗം സമീപത്തെ വയലുകളിൽ വരുന്നത് തടയുന്നതിനായി കതിര് വരുന്ന സമയത്തും ചെനപ്പ് പൊട്ടുന്ന സമയത്തും ഇതേ മരുന്ന് തളിക്കുന്നതിനും, കുലവാട്ടരോഗകാരി വിത്തിലൂടെ പകരുന്നത് കൊണ്ട് രോഗബാധ വന്നിട്ടുള്ള പാടശേഖരങ്ങളിൽ നിന്നും നെൽവിത്ത് എടുക്കാൻ പാടുള്ളതല്ല എന്നും സന്തുലിത വളപ്രയോഗം പിന്തുടരാനും കളനിയന്ത്രണം സംയോജിതമായി നടത്താനും അടുത്ത വിളയിറക്കുമ്പോൾ രോഗത്തെ പ്രതിരോധിക്കുന്നതിനായി കുമിൾനാശിനി ഉപയോഗിച്ച് വിത്ത് പരിചരണം ചെയ്യുവാനും കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ടി പ്രദേശത്തെ നെൽകൃഷിയിലുണ്ടായ രോഗത്തെക്കുറിച്ച് കൂടുതൽ പഠിക്കുവാനും ഭാവിയിൽ രോഗം വരാതിരിക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും കേരള കാർഷിക സർവ്വകലാശാലയുടെ MDD ടീം 14/01/2026 തീയതിയിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുവാനും കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ